

7

# ഈശോയുടെ പ്രബോധനങ്ങൾ

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

രക്ഷയുടെ പാതയിൽ-7

## ഉള്ളടക്കം


1. നിത്യജീവൻ പ്രാപിക്കാൻ
2. കർത്താവായ ദൈവം
3. ദൈവനാമം ആരാധ്യനാമം
4. കർത്താവിന്റെ ദിവസം
5. മാതാപിതാക്കളെ ബഹുമാനിക്കണം
6. ജീവൻ ദൈവദാനം
7. ലൈംഗിക വിശുദ്ധി
8. മോഷ്ടിക്കരുത്
9. സത്യം പറയുക
10. ദാമ്പത്യവിശുദ്ധി പാലിക്കുക
11. അവകാശമില്ലാത്തത് ആഗ്രഹിക്കരുത്
12. ശ്രേഷ്ഠമായ കല്പന
13. തിരുസഭയുടെ കല്പനകൾ
14. മനഃസാക്ഷി രൂപികരണം
15. സുവിശേഷ ഭാഗ്യങ്ങൾ

പാഠം 13

# തിരുസഭയുടെ കല്പനകൾ



# നാമെല്ലാവരും പുതിയ ഇസ്രായേലിലെ അംഗങ്ങളാണ്



- സഭയുടെ നിയമങ്ങൾ
- തിരുസഭയുടെ കല്പനകൾ

# സഭയുടെ നിയമങ്ങൾ

ദൈവപ്രമാണങ്ങളെ വ്യാഖ്യാനിക്കാനും പഠിപ്പിക്കാനുമുള്ള അവകാശം സഭയ്ക്കാണ്. സഭയുടെ പ്രബോധനമനുസരിച്ച് ദൈവ കൽപ്പനകളെ സ്വീകരിക്കാനും ജീവിതത്തിൽ പാലിക്കാനും നാം ശ്രദ്ധിക്കണം.



# തിരുസഭയുടെ കല്പനകൾ

- നിത്യരക്ഷ കൈവരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ സഭ പഠിപ്പിക്കുന്നുണ്ട്. ദൈവാരാധന, കൂദാശകളുടെ സ്വീകരണം, കല്പനകളുടെ പാലനം എന്നിവയാണ്.



# തിരുസഭയുടെ കല്പനകൾ

1. ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും വിശുദ്ധ കുർബ്ബാനയിൽ പങ്കുകൊള്ളണം. ആ ദിവസങ്ങൾ വിശുദ്ധമായി ആചരിക്കുന്നതിന് തടസമാകുന്ന ജോലികൾ ചെയ്യരുത്.

- ദൈവപ്രമാണങ്ങളിൽ മൂന്നാമത്തേതുമായി ബന്ധമുള്ളതാണ് ഈ കല്പന. ഞായറാഴ്ച കുർബാനകളിൽ സംബന്ധിക്കേണ്ടത് സഭാംഗങ്ങളുടെ കടമയാണ് പൂർണ്ണമായ കുർബ്ബാനയിൽ പങ്കുകൊള്ളുവാനാണ് സഭ നിർദ്ദേശിക്കുന്നത്. ദൈവാരാധനയിൽ പങ്കുചേരാനും കാരുണ്യപ്രവൃത്തിയിൽ വ്യാപരിക്കാനും സമയം കണ്ടെത്തുന്നതിനാണ് അന്നേദിവസം വിലക്കപ്പെട്ട വേലകൾ ചെയ്യരുതെന്ന് സഭ നിർദേശിക്കുന്നത്.



2. ആണ്ടിലൊരിക്കലെങ്കിലും അനുരഞ്ജനകൂദാശ സ്വീകരിക്കുകയും പെസഹാക്കാലത്ത് പരിശുദ്ധ കുർബാന കൈക്കൊള്ളുകയും വേണം.

- കൂദാശകളുടെ സ്വീകരണം ക്രൈസ്തവ ജീവിതത്തിന് അത്യന്താപേക്ഷിതമാണ്. വലിയ ആഴ്ച, വിശുദ്ധവാരം എന്നെല്ലാം അറിയപ്പെടുന്ന ഈ കാലഘട്ടത്തിലാണ് രക്ഷാകര രഹസ്യങ്ങളുടെ അനുസ്മരണം സഭ പ്രത്യേകമായി കൊണ്ടാടുന്നത്. അതിനാലാണ് ആണ്ടുകുമ്പസാരത്തിനുള്ള അവസരമായ് പെസഹാക്കാലത്തെ ഉപയോഗിക്കണമെന്ന് തിരുസ്സഭ പഠിപ്പിക്കുന്നത്.



3. നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ ഉപവസിക്കുന്നതും വിലക്കപ്പെട്ട ഭക്ഷണസാധനങ്ങൾ വർജ്ജിക്കുകയും ചെയ്യണം.

- നോമ്പും ഉപവാസവും ക്രൈസ്തവജീവിതത്തിന്റെ ഭാഗങ്ങളാണ്. നോമ്പുകാലത്ത് മാംസവർജനത്തോടൊപ്പം ചില ആഹാരസാധനങ്ങൾ ഒഴിവാക്കുന്നതും, പ്രത്യേക പ്രായശ്ചിത്തപ്രവൃത്തികൾ നിർവ്വഹിക്കുന്നതും സഭ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഈ ക്രൈസ്തജീവിതത്തെ കൂടുതൽ ശക്തമാക്കും



4. വിലക്കപ്പെട്ട കാലത്ത് വിവാഹം ആഘോഷിക്കുകയോ തിരുസ്സഭ വിലക്കിയിരിക്കുന്ന ആളുകളുമായി വിവാഹം നടത്തുകയോ ചെയ്യരുത്.

- നോമ്പുകാലം പരിത്യാഗത്തിന്റെ നാളുകളാണ്. ആഘോഷങ്ങൾക്കുള്ള അവസരങ്ങളല്ല. അതിനാൽ അക്കാലത്ത് വിവാഹ ആഘോഷങ്ങൾക്കും മറ്റ് ആഘോഷപരിപാടികൾക്കും നടത്താൻ സഭ അനുവദിക്കുന്നില്ല. ഏതെങ്കിലും കാരണത്താൽ സഭ വിലക്ക് കൽപ്പിച്ചിരിക്കുന്ന വ്യക്തികളുമായി വിവാഹം നടത്താൻ സഭാംഗങ്ങൾക്ക് അനുവാദമില്ല.



## 5. ദൈവാലയത്തിനും ദൈവശുശ്രൂഷകർക്കും വൈദികമേലദ്ധ്യക്ഷൻ നിശ്ചയിച്ചിട്ടുള്ള പതവാരവും മററ് ഓഹരികളും കൊടുക്കണം

- ദൈവാലയത്തിന്റെ സംരക്ഷണവും ദൈവാലയശുശ്രൂഷകരുടെ പരിപാലനയും സാധുക്കളുടെ സംരക്ഷണവും സഭാസമൂഹത്തിന്റെ കടമയാണെന്ന് ഈ കല്പന നമ്മെ ഓർമിപ്പിക്കുന്നു. ഇടവക സമൂഹത്തിന്റെ സുസ്ഥിതിക്കും വളർച്ചയ്ക്കുമുള്ള കേന്ദ്രസ്ഥാനം കൂടിയാണ് ഇടവകദേവാലയം. അതിനാൽ ദൈവാലയത്തിന് ആവശ്യമായ സാമ്പത്തികസഹായം നൽകാൻ വിശ്വാസികൾക്കു കടമയു്. വിവിധ സന്ദർഭങ്ങളിൽ നാം പള്ളിക്കും ദൈവാലയ ശുശ്രൂഷകർക്കും പാവപ്പെട്ടവർക്കും നൽകേണ്ട ഓഹരി എത്രയെന്ന് മെത്രാന്മാർ നിശ്ചയിക്കുന്നു. അതിനാണ് പതവാരം എന്നു പറയുന്നത്.



- ദൈവപ്രമാണങ്ങൾ പോലെ ഒരിക്കലും മാററം വരാത്തവയല്ല. തിരുസഭയുടെ കൽപനകൾ, കാലത്തിനും ദേശത്തിനും സംസ്ക്കാരത്തിനും അനുസരിച്ച് ഇവയിൽ വ്യത്യാസങ്ങൾ അനുവദിക്കാറുണ്ട്. മാർപ്പാപ്പായ്ക്കും മെത്രാന്മാർക്കും മാത്രമേ ഇങ്ങനെ വ്യത്യാസങ്ങൾ വരുത്തുവാൻ അധികാരമുള്ളൂ.



# നമുക്കു പ്രാർത്ഥിക്കാം

**നല്ല ദൈവമേ, ഞങ്ങളുടെ നന്മയ്ക്കായി തിരുസഭ നൽകുന്ന കല്പനകളുടെ യഥാർത്ഥ ചൈതന്യം മനസിലാക്കി അവയനുസരിച്ച് ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.**



# നമുക്കു പാടാം

(കാക്കണമലിവൊടു കർത്താവേ....)

വിശ്വാസികൾതൻ കൂട്ടായ്മ
തിരുസഭയാണെന്നോർക്കുക നാം
രക്ഷാപാതയിൽ നീങ്ങിടുവാൻ
തിരുസഭയേകി കൽപനകൾ

ബലിയേകുന്നൊരു സൗഭാഗ്യം
പങ്കിട്ടൊന്നായ്ത്തീർന്നീടാൻ
കാരുണ്യത്തികവേകീടും
അനുരഞ്ജനകൂദാശയതും

തന്നുടെ ഹൃദയകോവിലതിൽ
ഏററതുവാങ്ങും ക്രൈസ്തവനും
നോമ്പുപവാസപ്രാർത്ഥനയാൽ
സൽകൃത്യങ്ങൾ ചെയ്തിടുക

ദേവാലയമതിനോഹരിയും
നൽകീടുക മടികൂടാതെ
സഭയോടൊത്തുചിന്തിക്കാം
സഭയോടൊത്തു പ്രവർത്തിക്കാം.

# ദൈവവചനം വായിക്കാം;

# വിവരിക്കാം

(മത്താ .16:13-20)



# വഴി കാട്ടാനൊരു തിരുവചനം

നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും

(മത്താ. 16:20).

# എന്റെ തീരുമാനം

തിരുസഭയുടെ കൽപനകൾ അനുസരിച്ച്
ജീവിച്ചുകൊ് സഭയുടെ വിശ്വസ്ത മകനായി/ മകളായി
ഞാൻ ജീവിക്കും

Thank you